ശ്രീ. എം. പി. ഗോവിന്ദൻ നായർ: അവിടത്തെ ഹെൽത്ത് സെൻറർ അടുത്തകാലത്താണ് ആരംഭിച്ചത്. സബ്ബ് സെൻറുകളുടെ കെട്ടിടം പണിക്കുള്ള താമസത്തിനു കാരണം പ്രത്യേകം ചോദിച്ചാൽ മാത്രമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വണ്ടൂർ, കേരളത്തിലെ ഏറ്റവും വലിയ ബ്ലാക്കുകളിലൊന്നാണ്. 560 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ആ സ്ഥലത്തെ ഹെൽത്ത് സെൻററിൽ ഒരു ലേഡി ഡാക്ടറും, ഒരു ഡാക്ടറും 1958 മുതൽ 1963വരെ വർക്ക് ചെയ്തിരുന്നു. 1963-ൽ ലേഡീഡാക്ടറുടെ തസ്തിക നിറുത്തലാക്കി. ലേഡീഡാക്ടർ ഇല്ലാത്തതുകൊണ്ട് വലിയ വിഷമം നേരിടുന്നുണ്ട്. ഈ വിവരത്തിനു ആരോഗ്യവകുപ്പുമന്ത്രിക്ക് നാട്ടുകാർ നിവേദനം നടത്തിയിട്ടുണ്ട്. അടിയന്തിരമായി അവിടെ ലേഡീഡാക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: 1958 മുതൽ 1963 വരെ ഉണ്ടായിരുന്ന പോസ്റ്റാണെങ്കിൽ അതു കുറവു ചെയ്യാൻ ഇടയില്ല. ലേഡീഡോക്ടറെ കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ടു വന്ന കുഴപ്പമായിരിക്കും. 36 വേക്കൻസി ഇങ്ങനെ ഇപ്പോഴുണ്ട്. അതിൽ കൂടുതലും ലേഡീഡാക്ടറന്മാരുടെ പോസ്റ്റുകളാണ്. ജൂലൈമാസത്തിൽ ഒരു പുതിയ ബാച്ച് പുറത്തുവരുമ്പോൾ ഈ ബുദ്ധിമുട്ട് കുറെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. എൻ. ഇ. ബലറാം: മലയോരപ്രദേശങ്ങളിലെ പ്രൈമറി ഹെൽത്ത് സെൻറുകളിലെ പ്രധാന കേന്ദ്രത്തിൽനിന്നു മറ്റു പ്രദേശങ്ങളിലേക്കു ഡാക്ടർമാർക്കു ചെന്നെത്താൻ വാഹനസൗകര്യം വേണ്ടിടത്തോളം ഇല്ലാ. പത്തും, പതിനാലും നാഴിക ദൂരത്തു ചെന്നെത്താൻ ആവശ്യമുള്ള വാഹനസൗകര്യം നൽകാൻ വ്യവസ്ഥ ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: വാഹനസൗകര്യം നൽകുന്നതു യൂണിസെഫിൽനിന്നാണ്. വാഹനസൗകര്യം നൽകണമെങ്കിൽ നാട്ടുകാർ ചില വ്യവസ്ഥകളും അനുസരിച്ചു ചില നടപടികളും പൂർത്തിയാക്കിയിരിക്കണമെന്നുണ്ട്. ആ നടപടികളും പൂർത്തിയാക്കാത്തതുകൊണ്ടായിരിക്കും വാഹനസൗകര്യം ലഭിക്കാത്തതു.

ഓണററി ഡോക്ടറന്മാർ.

* 498. [9] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ ഓണററി ഡോക്ടറന്മാരെ നിയമിക്കുന്നതു എന്തടിസ്ഥാനത്തിലാണ്; അവർക്കു കൊടുക്കുന്ന പ്രതിഫലമെന്തു;

(ബി) കേരളത്തിൽ ഓരോ ജില്ലയിലും ഉള്ള ഓണററി ഡോക്ടറന്മാരുടെ പേരും എത്ര;

(സി) കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ മുമ്പു ഓണററി ഡോക്ടറന്മാർ ഉണ്ടായിരുന്ന ഏതെങ്കിലും ആസ്പത്രികളിൽ ആ തസ്തിക ഇല്ലാതായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര; ഏതെല്ലാം ആസ്പത്രികളിൽ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നിർദ്ദിഷ്ടയോഗ്യതയുള്ള ഡോക്ടറന്മാരുടെ ദൗർല്ലഭ്യം നിമിത്തമാണ് പ്രൈവറ്റു ഡോക്ടർമാരെ ഗവണ്മെന്റു് ആശുപത്രികളിൽ ഓണററി ഡോക്ടറന്മാരായി നിയമിക്കുന്നതു്. ആശുപത്രികളിലെ കിടക്കകളുടെ എണ്ണവും, ഡോക്ടർമാരുടെ ദൗർല്ലഭ്യവുംകൂടി പരിഗണിച്ചാണു് ഇപ്രകാരം നിയമനം നടത്തുന്നതു്. പാർട്ടടൈം ഓണററി ഡോക്ടർമാക്കു് പ്രതിമാസം 100 രൂപാ പ്രതിഫലം നൽകുന്നുണ്ടു്.

(ബി) ലിസ്റ്റു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ലിസ്റ്റു ‡ മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഓണററി ഡോക്ടർമാരുടെ തസ്തികകൾ കോഴിക്കോട്ടു മെഡിക്കൽ കാളേജിലും, പാലക്കാട്ടു് ഡിസ്പെൻസറിയിൽ മറ്റപ്പാലം, പെരുന്തൽമണ്ണ എന്നിവിടങ്ങളിലും നിറുത്തലാക്കിയിട്ടുള്ളതായി കാണുന്നു. എന്താണു അതിനു കാരണം?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കോഴിക്കോട്ടു മെഡിക്കൽ കാളേജിൽ ഒരു സ്പെഷ്യലിസ്റ്റിനെയാണു് ഓണററി ഡോക്ടറായി നിയമിച്ചിരുന്നതു്. അദ്ദേഹം തുടരാൻ ഉദ്ദേശിക്കുന്നില്ല എന്നു് ഗവണ്മെൻറിനെ അറിയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതു് നിറുത്തലാക്കി. മറ്റു ആശുപത്രികളെ സംബന്ധിച്ചിടത്തോളം കാഷ്വാലിറ്റി ഡോക്ടർമാരെ കിട്ടാനുള്ള വിഷമം നേരിട്ടിട്ടുണ്ടു്. റഗുലറായി വർക്കുചെയ്യാൻ ആവശ്യമായ ഡോക്ടറന്മാരെ കിട്ടിയതുകൊണ്ടും ചില തസ്തികകളിൽ ഓണററി ഡാക്ടർമാർ വേണ്ടെന്നു വച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എറണാകുളം ജനറൽ ആശുപത്രിയിൽ ഓണററി ഡോക്ടറായി പ്രാക്റ്റീസുചെയ്തിരുന്ന ഡോക്ടർമാരെ ആജോലിയിൽ നിന്നു് പറഞ്ഞയച്ചതായി പത്രത്തിൽ കണ്ടു. ജോലി ഇല്ലാത്തതുകൊണ്ടാണോ, അവർ ആവശ്യപ്പെട്ടതുകൊണ്ടാണോ പറഞ്ഞയച്ചതു്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കഴിഞ്ഞ അക്ടോബർ മുതൽ ചില പ്രത്യേക രീതിസു നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓണററി ഡോക്ടർമാരുടെ എണ്ണം കുറെകുറച്ചു മൂന്നു മണിക്കൂർ ജോലി ചെയ്താൽ മതി ഒരു ഓണററി ഡോക്ടർ. രണ്ടു ഓണററി ഡോക്ടർ ഉണ്ടെങ്കിൽ ഒരു റഗുലർ പോസ്റ്റായി പരിഗണിക്കപ്പെട്ടം. അങ്ങനെ വന്നപ്പോൾ, മൊത്തത്തിൽ ഓണററി ഡോക്ടർമാരുടെ എണ്ണം കുറയുകയുണ്ടായി. റീ ഓർഗനൈസേഷൻ നടപ്പിൽ വരുത്തിയതിന്റെ ഫലമായിട്ടാണു് അങ്ങനെ ചെയ്തിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഓണററി ഡോക്ടർമാരുടെ പോസ്റ്റുകൾ, കോഴിക്കോട്ടു മെഡിക്കൽ കാളേജിലും, പാലക്കാട്ടു് ഹെഡ്ക്വാർട്ടേഴ്സു് ആശുപത്രിയിലും കുറവു ചെയ്തതായി കാണുന്നുണ്ടു്. വളരെക്കാലമായിട്ടു് നിലനിന്നുവന്നിരുന്ന ആ പോസ്റ്റുകൾ പെട്ടെന്നു് കുറയ്ക്കേണ്ടിവന്നതു് എന്തുകൊണ്ടാണു്; ഈ പറഞ്ഞ സ്ഥലങ്ങളിലൊക്കെ കൂടുതൽ സ്ഥിരം ഡോക്ടർമാരെ നിയമിച്ചതുകൊണ്ടാണോ; മറേറതെങ്കിലും സ്ഥലത്തേക്കു് ആവശ്യമുണ്ടെന്നു കണ്ടിട്ടു് പെരുന്തൽമണ്ണ തുടങ്ങിയ സെൻറുകളിൽ ഓണററി ഡോക്ടർമാരെ ഇല്ലായ്മ ചെയ്തതാണോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെയല്ല. എല്ലാ ഡിസ്പെൻസറികളിലും ഓണററി ഡോക്ടർമാരുടെ എണ്ണം കുറച്ചിട്ടുണ്ടു്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, പാലക്കാട്ടു്, കണ്ണൂർ എന്നീ ഡിസ്പെൻസറികളിൽ

† Appendix I.

‡ Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ഓണററി ഡാക്ടർമാരുടെ എണ്ണം കുറച്ചിട്ടുണ്ട്. മൊത്തത്തിൽ ഫുംടൈം ജോലി ചെയ്യാൻ റഗുലർ ഡാക്ടറന്മാരെ കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ഓണററി ഡാക്ടർമാരെ കുറയ്ക്കുകയാണു്. അത്യാവശ്യമെന്നു തോന്നുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനമാണു് ഇപ്പോൾ ആവശ്യമായിരിക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താലൂക്കു ആശുപത്രികളിലെ ഓണററി പാർട്ടൈം ഡാക്ടർമാരെ നിയമിക്കുന്ന സമ്പ്രദായത്തിൽ മലബാറിലും, തിരുവിതാംകൂർ–കൊച്ചിയിലും വ്യത്യസ്ത നടപടിയാണോ സ്വീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂർ–കൊച്ചി ഭാഗത്തു് താലൂക്കു് ഹെഡ്കാർട്ടേഴ്സു് ആശുപത്രിയിൽ രണ്ടു് ഓണററി ഡാക്ടർമാരെ നിയമിക്കാൻ വ്യവസ്ഥയുണ്ടെന്നാണറിയുന്നതു്. വ്യത്യാസമുണ്ടെങ്കിൽ അതു് ഏകീകരിക്കുമോ? തിരുർ താലൂക്കു് ഹെഡ്കാർട്ടേഴ്സു് ആശുപത്രിയിലെ തസ്തിക നിറുത്തൽ ചെയ്തിരിക്കുന്നതിനാൽ അവിടത്തെ രോഗികൾക്കു് വളരെയധികം ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. ആ തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ തിരുവിതാംകൂർ–കൊച്ചിയിലും, മലബാറിലും വ്യത്യസ്തമായ വ്യവസ്ഥയില്ല. കേരളത്തിനു് മൊത്തമായിട്ടു് ബാധിക്കത്തക്ക വിധത്തിൽ റൂംസ്പ്രെയിം ചെയ്തതിന്റെ അടിസ്ഥാനത്തിലാണു് ഇപ്പോൾ മാറ്റം വരുത്തിയിട്ടുള്ളതു്.

രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണേഴ്സു്.

*499. [10] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണേഴ്സു് ഉണ്ടു്.

(ബി) ഡോക്ടർമാരുടെയും നഴ്സുകളുടെയും ദൗർല്ലഭ്യം ഇന്നും അനുഭവപ്പെടുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കുറവു പരിഹരിക്കുന്നതിനു് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 14136 പേർ

ഓരോ വിഭാഗത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ ഒരു സ്റ്റേറ്റുമെന്റു് * ഇതോടൊപ്പം അനുബന്ധിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) സംസ്ഥാനത്തു് ഇപ്പോൾ നാലു മെഡിക്കൽ കോളേജുകൾ തുറന്നിട്ടുണ്ടു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഡാക്ടർമാരുടെ കുറവു് പരിഹരിക്കാമെന്നു പ്രതീക്ഷിക്കുന്നു. നേഴ്സിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിശീലനകേന്ദ്രങ്ങൾ തുറന്നും ഉള്ളവയിൽ തന്നെ പരിശീലനസൗകര്യം വർദ്ധിപ്പിച്ചും സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള അംഗീകാരം നൽകിയും ദൗർലഭ്യം പരിഹരിക്കാൻ ഗവണ്മെന്റു് ശ്രമിക്കുന്നുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആക്സിലിയറി നേഴ്സിന്റേയും, മിഡ്വൈഫുകളുടെയും സേവനം ലഭിക്കുന്നതിനു അവരെ ഏജു് ബാറിൽനിന്നു ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ?

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to part (b) of starred question No.* 498 (9)]

ഓരോ ജില്ലയിലുള്ള ഓണററി ഡാക്ടറന്മാരുടെ എണ്ണം.

1	തിരുവനന്തപുരം	1
2	കൊല്ലം	1
3	ആലപ്പുഴ	1
4	കോട്ടയം	5
5	എറണാകുളം	11
6	തൃശ്ശൂർ	5
7	പാലക്കാട്	3
8	കോഴിക്കോട്	10
9	കണ്ണൂർ	4

APPENDIX II

[Please see answer to part (d) starred question No. 498 (9)]

തിരുവനന്തപുരം	ജില്ല (തസ്തിക)	1	ക്ഷയരോഗാശുപത്രി (പുലയനാർകോട്ട)
കൊല്ലം	,,	1	പ്രാഥമികാരോഗ്യകേന്ദ്രം, പത്തനാപുരം
കോട്ടയം	,,	1	ഗവണ്മെന്റാശുപത്രി (കാഞ്ഞിരപ്പള്ളി)
തൃശ്ശൂർ	,,	1	ഗവണ്മെന്റാശുപത്രി (ചേർപ്പ്)
പാലക്കാട്	,,	5	ഗവണ്മെന്റാശുപത്രി (കൊഴിഞ്ഞാംപാറ)
			,, (പെരിന്തൽമണ്ണ)
			,, (ഒറ്റപ്പാലം)
			,, (ഷൊർണ്ണൂർ)
			പ്രാഥമികാരോഗ്യകേന്ദ്രം (വടക്കാഞ്ചേരി)
കോഴിക്കോട്	,,	3	മെഡിക്കൽകാളേജ് ആശുപത്രി (കോഴിക്കോട്)
			ഗവണ്മെന്റാശുപത്രി (കൊയിലാണ്ടി)
			ഗവണ്മെന്റാശുപത്രി (നിലമ്പൂർ)
കണ്ണൂർ	,,	2	ഗവണ്മെന്റാശുപത്രി (കാഞ്ഞങ്ങാട്)
			,, (മഞ്ചേശ്വരം)

LIBRARY ARCHIVES Kerala Legislative Assembly